പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8283

25/07/2012-ൽ മറുപടിയ്ക്ക്

**<u>ക്ഷേത്രസ്ഥാനിക ആശ്വാസപദ്ധതി</u>**

<u>ചോദ്യം</u>

ശ്രീ. ഇ.പി. ജയരാജൻ

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ക്ഷേത്രസ്ഥാനിക ആശ്വാസ പദ്ധതിയിൻകീഴിൽ ആനുകൂല്യത്തിന് അർഹതപ്പെട്ട എത്ര സ്ഥാനികർ ഉണ്ടെന്നും പുതുതായി ആനുകൂല്യത്തിന് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) ഉത്തര മലബാറിലെ ക്ഷേത്ര ആചാര സ്ഥാനികർ/ കോലധാരികൾ എന്നിവർക്കുള്ള ധനസഹായം പദ്ധതി 2010 പ്രകാരം 1203 ആചാരസ്ഥാനികരെയും 278 കോലധാരികളെയും ആനുകൂല്യ വിതരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആചാര സ്ഥാനികരിൽ 1197 പേർ നിലവിൽ അസിസ്റ്റന്റ് കമ്മീഷണർ മുഖാന്തിരം ധനസഹായം കൈപ്പറ്റി വരുന്നുണ്ട്. പുതുതായി ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ നൽകിയ 601 ആചാര സ്ഥാനികരുടെയും 89 കോലധാരികളുടെയും പേരുവിവരങ്ങളടങ്ങുന്ന പട്ടിക സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ആനുകൂല്യത്തിന് അർഹത നേടിയവർക്ക് പ്രതിമാസം എത്ര തുകയാണ് വേതനമായി നൽകുന്നതെന്നു വ്യക്തമാക്കുമോ; | (ബി) ആനുകൂല്യത്തിന് അർഹരായ ആചാരസ്ഥാനികർക്ക് പ്രതിമാസം 800/- രൂപയും കോലധാരികൾക്ക് പ്രതിമാസം 700/- രൂപയുമാണ് ധന സഹായമായി അനുവദിച്ചുവരുന്നത്. |
| (സി) ഇപ്പോൾ എത്ര മാസമായി വേതന കുടിശ്ശിക ഉണ്ടെന്നു വ്യക്തമാക്കുമോ ; | (സി) 5 മാസം കുടിശ്ശികയുണ്ട് (02/2012 മുതൽ 06/2012 വരെ) |
| (ഡി) ക്ഷേത്ര സ്ഥാനിക ആശ്വാസ പദ്ധതിയിൻകീഴിൽ ആനുകൂല്യത്തിന് അർഹരായ സ്ഥാനികർക്ക് നിലവിലുള്ള വേതന കുടിശ്ശിക ലഭ്യമാക്കുവാൻ എന്തു നടപടി യാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ഡി) 2012-13 വർഷത്തെ ബഡ്ജറ്റിൽ ആചാരസ്ഥാനികരുടെയും കോലധാരികളുടെയും പ്രതിമാസ ധന സഹായ വിതരണത്തിനായി സർക്കാർ വകയിരുത്തിയിരിക്കുന്നത് ഒരു കോടി രൂപയാണ്. പ്രസ്തുത തുക മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത തുക ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക ധനസഹായ വിതരണം പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ